നമ്പർ. C1/e - 215048/2021-TC

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice.mvd@kerala.gov.in ]

തീയ്യതി, 07/06/2021

## സർക്കുലർ നമ്പർ..11

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** - മോട്ടോർ വാഹന വകുപ്പിലെ വിവിധ സേവനങ്ങൾ പൊതുജനങ്ങൾക്ക് കൂടുതൽ വേഗത്തിലും പ്രയോജനപ്രദമായും നടപ്പിൽ വരുത്തുന്നതിനും ഓഫീസും പരിസരവും ശുചിയായി സൂക്ഷിക്കുന്നതിനും ഫയലുകൾ വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനുമായി പുറപ്പെടുവിക്കുന്ന മാർഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 01-06-2021 - ൽ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനങ്ങൾ.

ബഹുമാനപ്പെട്ട ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിരവധി വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുകയും വകുപ്പിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ നിർദ്ദേശങ്ങളും നടപ്പിൽ വരുത്തുന്നതിനുവേണ്ടി പ്രത്യേകം പ്രത്യേകം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉടനടി നടപ്പിൽ വരുത്തേണ്ടതാണ്.

1. വാഹൻ, സാരഥി, ഇ-ഓഫീസ് എന്നീ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് വേഗത്തിൽ സേവനങ്ങൾ നൽകേണ്ടതാണ്. മേൽ സോഫ്റ്റ്‌വെയറുകളിൽ ഇനിയും പരിശീലനം ലഭിക്കാത്തവർക്കായും, കൂടുതൽ പരിശീലനം ആവശ്യമായവർക്കും വേണ്ടി പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരെ (മാസ്റ്റർ ട്രെയിനർ/കോഡിനേറ്റർ) നിയോഗിച്ച് 05/06/2021 - ലെ എ5/81/2021/റ്റിസി നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരം 30/06/2021 - ന് മുൻപായി ട്രെയിനിംഗുകൾ നൽകേണ്ടതും ആയത് സംബന്ധിച്ച പ്രവർത്തന റിപ്പോർട്ട് അതാത് സോണിലെ ഡി.റ്റി.സി.മാർ ക്രോഡീകരിച്ച് ട്രാൻസ്പോർട്ട് കമ്മീഷണറെ അറിയിക്കേണ്ടതാണ്.
2. 'ഇ-ഓഫീസ്' - ന്റെ നടത്തിപ്പിന് ചുമതലയുള്ള നോഡൽ ഓഫീസർമാർ സ്ഥലമാറ്റപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിനു പകരം നോഡൽ ഓഫീസറെ കണ്ടെത്തി നിയമിച്ച് പുതുക്കിയ പട്ടിക അതാത് സോണൽ ഡി.റ്റി.സി.മാർ ക്രോഡീകരിച്ച് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നൽകേണ്ടതാണ്.

3. മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളും പരിസരവും ശുചിയായി സൂക്ഷിക്കേണ്ടതാണ്. തീർപ്പാക്കിയ ഫയലുകൾ റിക്കാർഡ് റൂമിലേക്ക് മാറ്റി ഓഫീസിനുള്ളിലും പരിസരങ്ങളിലും ആരോഗ്യകരമായ അന്തരീക്ഷം ഉറപ്പാക്കേണ്ടതാണ്.

4. വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും കെട്ടിടങ്ങളിലോ, വസ്തുവിലോ കോടതി വ്യവഹാരങ്ങളോ, വാടക സംബന്ധമായ തർക്കങ്ങളിലോ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നടപടി വിവരങ്ങൾ 10/06/2021 - ന മുൻപായി ട്രാൻസ്പോർട്ട് കമ്മീഷണറെ അറിയിക്കേണ്ടതുമാണ്.

5. ഓഫീസുമായി ബന്ധപ്പെട്ട് നിലവിൽ പരിഹരിക്കപ്പെടാതെ കിടക്കുന്ന കോടതി വ്യവഹാരങ്ങൾ എത്രയും വേഗം തീർപ്പാക്കാനുള്ള നടപടികൾ എടുക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ 10/06/2021 മുൻപായി ട്രാൻസ്പോർട്ട് കമ്മീഷണറെ അറിയിക്കേണ്ടതുമാണ്.

6. തീർപ്പാകാതെ കിടക്കുന്ന അപേക്ഷകളിന്മേൽ ത്വരിത നടപടി കൈക്കൊള്ളേണ്ടതും ആയത് സംബന്ധിച്ച വിശദാംശം 10/06/2021 - ന മുൻപായി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ അറിയിക്കേണ്ടതുമാണ്.

7. എല്ലാ ആർ.ടി.ഒ./സബ് ആർ.ടി.ഓഫീസുകളിലെ ആർ.സി, ലൈസൻസ് പ്രിന്റ് ചെയ്യുന്നതിവാവശ്യമായ സ്റ്റേഷനറി സാധനങ്ങളുടെ സ്റ്റോക്ക് പരിശോധിച്ച് ആവശ്യമായവ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണറെ അറിയിക്കേണ്ടതാണ്.

8. നിരത്തുകളിലും നടപ്പാതകളിലും നിയമവിരുദ്ധമായി പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളും മറ്റു വസ്തുക്കളും നീക്കം ചെയ്യുന്നതിന് അടിയന്തിരമായ നടപടി സ്വീകരിക്കേണ്ടതാണ്.

9. വകുപ്പിനാൽ പിടിച്ചെടുക്കപ്പെട്ട വാഹനങ്ങളുടെ പട്ടിക തയ്യാറാക്കി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ അറിയിക്കേണ്ടതും 30/07/2021 ന മുൻപായി ലേലം ചെയ്ത് സർക്കാർ ഖജനാവിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി